# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 214      30/11/2015-ൽ മറുപടിയ്ക്ക്**

**മണലൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് 2011-12 മുതൽ നടപ്പിലാക്കിയ പദ്ധതികൾ.**

| ചോദ്യം<br>ശ്രീ. പി. എ. മാധവൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; | (എ) യും (ബി) യും | ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ബി) 2011-12 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളും ഇവയ്ക്കായി നീക്കിവെച്ച തുകയും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ? | | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം (എ)

മണലൂർ നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, സാനിറ്റേഷൻ, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായവും സമ്പാദ്യ സമാശ്വാസപദ്ധതി, വിദ്യാഭ്യാസ ആനുകൂല്യം, റാഞ്ചിങ്ങ് എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ മണലൂർ നിയോജക മണ്ഡലത്തിലെ വെങ്കിടങ്ങ് മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി, വ്യക്തിഗത ടോയ്‌ലറ്റ്, ലൈബ്രറി സപ്പോർട്ട് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 87.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കുടിവെള്ള പദ്ധതിയും ലൈബ്രറിയുടെ നിർമ്മാണവും പൂർത്തീകരിച്ചു. വ്യക്തിഗത ടോയ്‌ലറ്റ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ്, ജീവനോപാധിസഹായം എന്നീ പദ്ധതികൾക്കായി ആകെ 199.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ വാടാനപ്പള്ളി ഫിഷർമെൻ കോളനിയിൽ ഫിഷറീസ് ഗ്രൗണ്ടിനോട് ചേർന്ന് 46.63 ലക്ഷം രൂപ അടങ്കൽ തുകയിൽ ലൈബ്രറി കം മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി. പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസന പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി വാടാനപ്പള്ളി അംഗനവാടി നിർമ്മാണത്തിനായി 30.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്തു.

## മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1.എൻ.സി.ഡി.സി. യുടെ ധനസഹായത്തോടെയുള്ള ഐ.എഫ്.ഡി.പി മത്സ്യബന്ധനോപകരണ വിതരണ പദ്ധതി.

2.ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായ ത്തോടെയുള്ള മൈക്രോ ഫിനാൻസ് പദ്ധതി.

3.മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പ.

## അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

അഡാക്ക് ആർ.കെ.വി.വൈ ധനസഹായത്തോടെ നടപ്പിലാക്കിയ കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച്/മത്സ്യകൃഷി പദ്ധതി പ്രകാരം 2013-14-ൽ മണലൂർ മണ്ഡലത്തിലെ 136 ഹെക്ടർ വരുന്ന മണൽപുഴ കണ്ണോത്ത് പാടശേഖരത്തിൽ 100 ഹെക്ടർ നിലത്തിൽ മത്സ്യകൃഷിയ്ക്കായി താഴെ പറയുന്ന വിധം ധനസഹായം നൽകുകയും സൗജന്യമായി ആറ്റുകൊഞ്ച്/മത്സ്യ വിത്തുകളും നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പാടശേഖരസമിതി മത്സ്യകൃഷി നടത്തി വിളവെടുക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നഴ്സറി ബണ്ട് നിർമ്മിച്ചതിനുള്ള ധനസഹായം | : | 3,09,634/- രൂപ |
| മത്സ്യകൃഷിയ്ക്കായി നഴ്സറി കുളം ഒരുക്കിയതിന് | : | 63,750 /-രൂപ |
| ആറ്റുകൊഞ്ച്/മത്സ്യതീറ്റ വാങ്ങി ഉപയോഗിച്ചതിന് | : | 2,10,150/- രൂപ |
| **ആകെ** | : | **5,83,534/- രൂപ** |

| | | |
|---|---|---|
| ആറ്റുകൊഞ്ച് കുഞ്ഞുങ്ങൾ | : | 10 ലക്ഷം എണ്ണം |
| മത്സ്യകുഞ്ഞുങ്ങൾ | : | 3 ലക്ഷം എണ്ണം |

## ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ

| വർഷം | പദ്ധതി | യൂണിറ്റ് തുക | യൂണിറ്റ് | ആകെ തുക | കുറിപ്പ് |
|---|---|---|---|---|---|
| 2012-13 | ഭവനപദ്ധതി | 200000 | 1 | 2,00,000/- | 2,00,000/.വിനിയോഗിച്ചു |
| 2013-14 | സാനിറ്റേഷൻ പദ്ധതി<br>" | 20000<br>17500 | 1<br>4 | 20,000/-<br>70,000/- | 20,000/. വിനിയോഗിച്ചു<br>62500 / വിനിയോഗിച്ചു |
| 2014-15 | ഭവന പദ്ധതി<br>ഫിഷറീസ് കോളനി ഭവനപദ്ധതി<br>ഭവന പുനരുദ്ധാരണ പദ്ധതി | 200000<br>200000<br>50000 | 1<br>6<br>1 | 2,00,000<br>12,00,000/-<br>50,000/- | 2,00,000/. വിനിയോഗിച്ചു<br>വിനിയോഗിച്ചിട്ടില്ല<br>50,000/. വിനിയോഗിച്ചു |
| 2015-16 | ഭവനപദ്ധതി<br>ഭവന പുനരുദ്ധാരണ പദ്ധതി | 200000<br>50000 | 2<br>5 | 4,00,000/-<br>2,50,000/- | 50,000/. വിനിയോഗിച്ചു<br>1,25,000/. വിനിയോഗിച്ചു |
| 2011-12 മുതൽ | വിദ്യാഭ്യാസാനുകൂല്യം<br>സമ്പാദ്യ സമാശ്വാസ പദ്ധതി<br>റാഞ്ചിംഗ് പദ്ധതി | | 62<br>1113 | | 99,368 /. വിനിയോഗിച്ചു<br>22,90,650/.വിനിയോഗിച്ചു<br>4,97,287/. വിനിയോഗിച്ചു |

**2. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ**

### സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി

2012-13 സാമ്പത്തിക വർഷം

വെങ്കിടങ്ങ് മത്സ്യഗ്രാമം - 87.50 ലക്ഷം രൂപ

| പദ്ധതി | അടങ്കൽ തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| കുടിവെള്ള പദ്ധതി | 62.5 | പദ്ധതിപൂർത്തീകരിച്ചു. |
| വ്യക്തിഗത ടോയ്ലറ്റ് | 15.00 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് പുരോഗമിക്കുന്നു. |
| ലൈബ്രറി സപ്പോർട്ട് | 10.00 | പദ്ധതിപൂർത്തീകരിച്ചു. |

2014-15 സാമ്പത്തിക വർഷം

വാടാനപ്പള്ളി മത്സ്യഗ്രാമം - 199.91 ലക്ഷം രൂപ

| പദ്ധതി | അടങ്കൽ തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| കുടിവെള്ള പദ്ധതി | 140.00 | പദ്ധതി പുരോഗമിക്കുന്നു. |
| വൈദ്യുതീകരണം | 29.91 | പദ്ധതി പുരോഗമിക്കുന്നു. |
| ഹൈമാസ്റ്റ് ലൈറ്റ് | 24.00 | പദ്ധതി പുരോഗമിക്കുന്നു. |
| ജീവനോപാധിസഹായം | 6.00 | പദ്ധതി പുരോഗമിക്കുന്നു. |

13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ വാടാനപ്പള്ളി ഫിഷർമെൻ കോളനിയിൽ ഫിഷറീസ് ഗ്രൗണ്ടിനോട് ചേർന്ന് 46.63 ലക്ഷം രൂപ അടങ്കൽ തുകയിൽ ലൈബ്രറി കം മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചു. പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

2015-16 സാമ്പത്തിക വർഷം

മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി വാടാനപ്പള്ളി അംഗനവാടി നിർമ്മാണത്തിനായി 30.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതി ടെണ്ടർ ചെയ്തു.

മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ

| എൻ.സി.ഡി.സി ധനസഹായത്തോടെ മത്സ്യബന്ധനോപകരണ വായ്പ | | എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി മൈക്രോഫിനാൻസ് | | പലിശ രഹിത വായ്പ | |
|---|---|---|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
| 50 | 2.75 | 768 | 118.23 | 117 | 19.75 |

(signature)

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

**മണലൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നമ്പർ | അനുവദിച്ച വർഷം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2011-12 | ഇല്ല | | ബാധകമല്ല |
| 2 | 2012-13 | ആലുങ്കൽ ടെമ്പിൾ ലിങ്ക് റോഡ് | 17.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | 2012-13 | ഫാറൂക്ക്നഗർ-റഹ്മത്ത് നഗർ റോഡ് | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | 2012-13 | മൊയ്തീൻപള്ളി-പോക്കൻചേരി റോഡ് | 37.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 1 | 2013-14 | അഹമ്മദ് മെമ്മോറിയൽ റോഡ് വാർഡ് നമ്പർ 6 (വാടാനപ്പള്ളി പഞ്ചായത്ത്) | 13.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | 2013-14 | ഗാന്ധിജി റോഡ് വാർഡ്-2 (വാടാനപ്പള്ളി പഞ്ചായത്ത്) | 9.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | 2013-14 | ശാന്തി റോഡ് വാർഡ് നമ്പർ 17 & 18 (വാടാനപ്പള്ളി പഞ്ചായത്ത്) | 19.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | 2013-14 | റീ-ടാറിംഗ് ഫ്രണ്ട്സ് റോഡ് വാർഡ് നമ്പർ 15 (വാടാനപ്പള്ളി പഞ്ചായത്ത്) | 12.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | 2013-14 | തണ്ടേഴിപ്പാടം റോഡ് (വെങ്കിടംങ്ങ് പഞ്ചായത്ത്) | 36.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | 2013-14 | പ്രിയദർശിനി റോഡ് (വെങ്കിടംങ്ങ് പഞ്ചായത്ത്) | 24.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | 2013-14 | ആൽത്തറ ലിങ്ക് റോഡ് (വെങ്കിടംങ്ങ് പഞ്ചായത്ത്) | 36.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 1 | 2014-15 | ഇല്ല | | ബാധകമല്ല |
| | | **ആകെ തുക** | **214.50** | |

**സെക്ഷൻ ആഫീസർ**